# 'രാജ്യസ്നേഹം' എന്ന മിഥ്യാഭിമാനം

**ബി.കെ.സി.**

ഇന്ന് ഏറ്റവും കൂടുതൽ ചോദ്യം ചെയ്യപ്പെടേണ്ട ഒരു വികാരമായി മാറിയിരിക്കുന്നു 'രാജ്യസ്നേഹം'. പണ്ട് രാജഭക്തിയെ സംശയിച്ചാൽ തലപോകുന്ന പോലാണ് ഇന്ന് 'രാജ്യസ്നേഹം'. സംശയിച്ചാൽ, പ്രത്യേകിച്ച്, ഒരു യുദ്ധത്തിന്റെ നിഴലിൽ ജീവിക്കുന്ന ബി.ജെ.പി. എന്ന 'രാജ്യസ്നേഹ' പാർട്ടി ഭരിക്കുന്ന ഇന്ത്യയിൽ, ആ അവസ്ഥയുണ്ട്.

രാജ്യസ്നേഹം എന്ന അസുഖം പിടിപെട്ട ആളുകളെ ശ്രദ്ധിച്ചാൽ ഈ രോഗത്തിന്റെ ലക്ഷണങ്ങൾ പിടികിട്ടും. 'ഇന്ത്യ' എന്നു പറഞ്ഞാൽ എന്തിനും ഏതിനും അവർ അഭിമാനം കൊള്ളുന്നു. സ്പോർട്സിലും മറ്റും ഇന്ത്യ തോറ്റാൽ ഇക്കൂട്ടർ തീർത്തും നിരാശരാവും. അവരുടെ സങ്കല്പത്തിലെ ആ ഇന്ത്യയുടെ വളവുകളും തിരിവുകളും വളരെ കൃത്യമാണ്. ഒരു പ്രധാന മുൻധാരണ – ആത്മീയമായി ഔന്നത്യത്തിൽ നില്ക്കുന്ന ഒരു ജനതയാണ് തങ്ങൾ എന്നാണ്. അതിന്റെ നേരെ എതിരായി കാണിക്കുന്നത് ലൈംഗിക അരാജകത്വം നടമാടുന്നു എന്നു പറയപ്പെടുന്ന പാശ്ചാത്യദേശങ്ങളാണ്. അവിടുത്തെ അമ്മമാർ പോറ്റാത്ത ബാല്യങ്ങളും പെണ്ണുങ്ങൾ അഴിഞ്ഞാടി നടക്കുന്ന ശിഥിലമായ കുടുംബങ്ങളും എടുത്ത് 'ഇതുപോലല്ല ഇവിടെ' എന്നു പറയലാണ് രാജ്യസ്നേഹികളുടെ ഒരു വഴി. നമ്മുടെ കുടുംബത്തിനുള്ളിൽ പെണ്ണുങ്ങളുടെ ആചാരശുദ്ധിയും ചാരിത്ര്യ സംരക്ഷണ ശ്രമങ്ങളും ഒക്കെയാണ് രാജ്യത്തിന്റെ ആത്മീയമായ ഔന്നിത്യത്തിന്റെ ലക്ഷണങ്ങൾ. അതായത് ഒരു മുഴുവൻ രാജ്യത്തിന്റെയും ആത്മശുദ്ധിയുടെ ഭാരം കുടുംബത്തിനുള്ളിലെ പെണ്ണുങ്ങളുടെ ശരീരങ്ങളിൽ ആണെന്നു വരുന്നു! ഈ ഉയർന്ന 'സാംസ്കാരിക മൂല്യം' പരിശോധിച്ചാൽ പലപ്പോഴും ബ്രാഹ്മണീയം എന്നു വിളിക്കാവുന്ന ചില ജീവിതരീതികൾ ആണെന്ന് മനസിലാവും. അപ്പോൾ ഒരു പ്രത്യേകതരം ഇന്ത്യയെയാണ് രാജ്യസ്നേഹികൾ സ്നേഹിക്കുന്നത് എന്നു വ്യക്തം.

ഇന്നത്തെ പോസ്റ്റ്മോഡേൺ രാജ്യസ്നേഹത്തിന്റെ ആത്മീയതയോടൊപ്പം തന്നെ എംടിവിയും മറ്റും നിർമിക്കുന്ന ഒരു കൺസ്യൂമർ ലോകവും നിലനില്ക്കുന്ന രസകരമായ കാഴ്ച കാണാൻ കഴിയും. വില്പനക്കുള്ള ചരക്കുകളിൽ കാണുന്ന 'മെയ്ഡ് ഇൻ ഇന്ത്യ' ലേബൽ കാമുകന് മേൽ പ്രതീക്ഷിക്കുന്ന അലീഷാചിനായിയുടെ പോപ്പ് ഗാനം തുടങ്ങി എ.ആർ. റഹ്മാന്റെ രാജ്യഭക്തി കൊളാഷ് വരെ ഇതിനുദാഹരണങ്ങൾ ആണ്. രാജ്യസ്നേഹത്തിന് ഈ യുഗത്തിൽ മാർക്കറ്റുമായി ഒരു അഭേദ്യബന്ധം ഉറപ്പിക്കാതെ മുന്നോട്ടു പോകാൻ കഴിയില്ല തന്നെ.

ആത്മീയവാദികളോ എംടിവി രാജ്യസ്നേഹികളോ ആരും തന്നെ രാജ്യത്തിനകത്തെ മനുഷ്യരെയോ അവരുടെ പ്രശ്നങ്ങളെയോ സ്നേഹിക്കുന്നതായി കാണാൻ കഴിയാറില്ല. ദരിദ്രരുടെ ജീവിതത്തെ പറ്റിയും മറ്റും കംപ്യൂട്ടറിൽ കളിക്കുന്ന ഈ കൊക്കക്കോള കുടിയന്മാർക്ക് കേട്ടു നില്ക്കാൻ ക്ഷമയില്ല. അവർക്ക് ആത്മീയത മാത്രം പോര. സാമ്പത്തികവും കായികവുമായ ഔന്നത്യം കൂടി വേണം ഇന്ന്. ലിബറലൈസേഷൻ കഴിഞ്ഞ ഇന്ത്യൻ മാർക്കറ്റ് അമേരിക്കൻ സ്വപ്നമായ സാമ്പത്തിക ലാഭം അവരുടെ മുന്നിലേക്ക് ഇട്ടു കൊടുത്തിരിക്കുന്നു.

ഒരു രാജ്യത്തിനും 'ഞാൻ ഇതാണ്' എന്നുമാത്രം പറഞ്ഞു നിലനില്ക്കാൻ കഴിയില്ല. 'ഞാൻ ഇതല്ല' എന്നു പറഞ്ഞാലെ രാജ്യത്തിന് നിലനില്പുള്ളു. അങ്ങനെ രാജ്യങ്ങൾ അതിനകത്തും പുറത്തും ശത്രുക്കളെ (അതായത് 'ഞാൻ' അല്ലാത്തവരെ) കൂടി സൃഷ്ടിച്ചെടുക്കുന്നു.

നമ്മൾ തന്നെ സൃഷ്ടിച്ചെടുത്ത നമ്മുടെ മാത്രം പ്രിയ ശത്രുവാണല്ലോ പാക്കിസ്ഥാൻ!. അവർക്ക് നമ്മളും നമ്മുക്ക് അവരും കൂടാതെ കഴിയില്ല. രാജ്യത്തിനകത്ത് നിന്ന് തുരങ്കം വയ്ക്കുന്ന രാജ്യസ്നേഹിയുടെ ഇന്ത്യൻ സങ്കല്പത്തിനോളം തന്നെ 'ഉയരാൻ' കഴിയാത്ത ചിലരുമുണ്ട്. അങ്ങനെ, സ്നേഹിക്കാൻ നമ്മുക്ക് ആത്മീയ ഗുരുക്കളും കംപ്യൂട്ടർ പ്രഭുക്കളും, പതിവ്രതാ ദേവിമാരും മാത്രം പോരാ. വെറുക്കാൻ, ക്രൂരനായ മുസ്ലീമും വിഡ്ഢിയായ ദളിതനും വൃത്തിഹീനനും അന്ധവിശ്വാസിയുമായ ആദിവാസിയും പാശ്ചാത്യരെ അനുസരിക്കുന്ന നമ്മുടെ തന്നെ മുടി മുറിച്ച കൊച്ചമ്മമാരും തെരുവേശ്യകളും വേണം. 'ഈ രാജ്യം എങ്ങനെ നന്നാവാൻ' എന്നു പറയാൻ നമുക്കിവരൊക്കെ കൂടിയേ തീരു.

ഇന്നത്തെ, ആത്മീയതയുടെ മുഖംമൂടിയാണിഞ്ഞ ബ്രാഹ്മണീയ ഭാരതത്തിന്റെ മറുവശമാണ് ക്രൂര മുഹമ്മദരുടെ പാക്കിസ്ഥാൻ. നേരിട്ട് ഒരു അടികലശൽ കഴിഞ്ഞില്ലെങ്കിലും രണ്ടു രാജ്യങ്ങളും ക്രിക്കറ്റ് ഗ്രൗണ്ടിൽ അടികലശൽ തന്നെയാണ് നടത്തുന്നത്. പാവം സച്ചിനും, അക്രമും. ദൈവങ്ങളാവേണ്ട സാധാരണ മനുഷ്യർ. രണ്ട് ദരിദ്ര രാഷ്ട്രങ്ങളുടെ – ഇനി രക്ഷിക്കാൻ ഒന്നുമില്ലാതെ വെള്ളത്തമ്പുരാക്കന്മാർ കീറിപ്പറിച്ച അവരുടെ അഭിമാനം – അടിക്കുന്ന ബാറ്റിലും എറിയുന്ന [illegible]ത്തിലും കാത്തു രക്ഷിക്കേണ്ടവർ.

[illegible]ത്തിലെ ജീവിക്കുന്ന, ശ്വസിക്കുന്ന മനുഷ്യരെയൊന്നും ഒറ്റ 'രാജ്യസ്നേഹി' പോലും സ്നേഹിക്കുന്നത് കണ്ടിട്ടില്ല. കറുത്ത തൊലിയുള്ള ദാരിദ്ര്യക്കെടുതിക്കാരെയും മറ്റും തീണ്ടാപ്പാടകലെ തന്നെയാണ് സവർണ കുമാരൻമാരായ (കുമാരിമാരും) രാജ്യസ്നേഹികൾ നിർത്താറുള്ളത്. പകരം സ്നേഹിക്കുന്നത് കുറേ പ്രതീകങ്ങളെയാണ്. പൊഖ്റാണിലെ ബോംബ് ഒരു ഉദാഹരണം മാത്രം. 'അവന്മാർ ഒരു പാഠം പഠിച്ചു' എന്നും മറ്റും രാജ്യസ്നേഹികൾ അഭിമാന ഗർവ്വത്തോടെ പറയുന്നത് കേട്ടു. 'എവൻമാർ?' ക്ലിന്റന്റെ അമേരിക്കയോ? അയ്യോ. ഇല്ല. അവിടുത്തെ ഇന്ത്യക്കാരൊഴികെ – ഒരൽപ്പം കറുത്ത തൊലിയും വച്ച് വെള്ളത്തൊലിക്കാരുടെ ഇടയിൽ അനാഥത്വം അനുഭവിക്കുന്ന പ്രവാസികൾ ഒഴികെ വേറാരും തന്നെ പൊഖ്റാൻ ബോംബിന്റെ ശബ്ദം അവിടെ കേട്ടില്ലത്രെ! കൊക്കക്കോള മോന്തുമ്പോഴോ, നൈക്കീ ഷൂസ് ധരിക്കുമ്പോഴോ തോന്നാത്ത അമേരിക്കൻ വിരോധം എവിടെ നിന്നാണ് പെട്ടെന്ന് കുമാരികുമാരന്മാരെ ആവേശിച്ചത്?

എന്നാൽ, പൊഖ്റാന്റെ ശബ്ദം ഉച്ചത്തിൽ കേട്ടത് നമ്മൾ നിരന്തരം പറയുന്ന തെറി ഇടവിടാതെ കേട്ടുകൊണ്ടിരിക്കുന്ന മുസ്ലീം പാക്കിസ്ഥാൻ ആണ്. തീർച്ചയായും നവാസ് ഷെരീഫിന് മറ്റൊരു ശബ്ദം മറുപടിയായി ഉണ്ടാക്കാതെ നിവർത്തിയുണ്ടായിരുന്നില്ല. ആ നാട്ടിലും ഉണ്ടല്ലോ രാജ്യസ്നേഹികൾ?

അലീഷാ ചിനായ് പാടുന്ന പോലെ രാജ്യസ്നേഹത്തെ തമാശയുടെ ലാഘവത്തിൽ ഇനി ഒരിക്കലും എടുക്കാൻ കഴിയില്ല എന്ന് തോന്നുന്നു. പ്രഭുകുമാരീകുമാരന്മാരുടെ പല തമാശകളിൽ ഒന്നായും ഇതിനെ ഇപ്പോൾ കാണാൻ ബുദ്ധിമുട്ടാണ്. ഇന്ത്യയും പാക്കിസ്ഥാനും ലോകകപ്പിനുവേണ്ടി ഇംഗ്ലണ്ടിൽ വച്ച് (എത്ര പ്രതീകാത്മകമായ സംഭവം, അല്ലേ? ഒരിക്കൽ, അല്ല. ഇപ്പോഴും, നമ്മളെ അടിമകളാക്കി വച്ചിരിക്കുന്ന വെള്ളക്കാരുടെ നാട്ടിൽ, അവരെ സാക്ഷി നിർത്തി നമ്മൾ ദരിദ്രർ പരസ്പരം വെട്ടുന്നു. എല്ലാവരും അതിൽ വിനോദം മാത്രം കാണുന്നു) മത്സരിക്കുന്ന അവസരം മാത്രമല്ലിത്. കളി കാര്യമാവാൻ തുടങ്ങുന്നു.

ബി.ജെ.പി. സർക്കാർ അധികാരത്തിൽ തുടരാനുള്ള തുറുപ്പുശീട്ടായി യുദ്ധത്തെയും ഉപയോഗിക്കാൻ സാധ്യതയുണ്ട്. 'രാജ്യസ്നേഹ'ത്തിന്റെ സംഭാവന തന്നെയാണ് രണ്ടു ലോകമഹായുദ്ധങ്ങൾ. യുദ്ധങ്ങൾ ഒരിക്കലും ഒരു രാജ്യത്തിലെയും സാധാരണ ജനങ്ങളെ സഹായിച്ചിട്ടില്ല. എന്നാൽ, അധികാരികൾക്ക് യുദ്ധമോ, യുദ്ധഭീതിയെങ്കിലുമോ കൂടാതെ കഴിയാറില്ലതാനും.

ഒ.വി. വിജയന്റെ ധർമപുരാണത്തിൽ ധർമപുരിയിലേയും അയൽരാജ്യമായ സമർഘണ്ടിലേയും അധികാരികൾ പരസ്പരം തീരുമാനിച്ച് യുദ്ധത്തിലേർപ്പെടുന്ന രംഗം ഉണ്ട്. ലാഹോറിലേക്ക് വാജ്പേയ് ബസിൽ കയറി പോയത് നവാസ് ഷെരീഫിനോട് യുദ്ധം തുടങ്ങാൻ പരസ്പരം സൗകര്യപ്രദമായ തിയതി തീരുമാനിക്കാനായിരുന്നുവോ? 'എന്റെ ഗവൺമെന്റിനെ ജയലളിത തള്ളിയിട്ടാൽ ഉടൻ തന്നെ' എന്നായിരിക്കില്ലേ വാജ്പേയ് പറഞ്ഞിട്ടുണ്ടാവുക?

## ജൂൺ മാസത്തെ പരിപാടികൾ

12. യോഗാപരിശീലന (1മാസം) – ചെസ് അക്കാദമി, അയ്യന്തോൾ.

11,18,25. പ്രകൃതി ചികിത്സാ നിർദേശം/ ക്ലാസ്: 9– 4 മണി – കോട്ടയം അയ്യപ്പ സേവാ സംഘം ഹാൾ.

13. പ്രകൃതി ജീവന കുടുംബമേള 'തപോവനം', പള്ളം, കോട്ടയം – 7 (ഫോൺ: 0481–430839)

18–20 ജല സംരക്ഷണം, വനവത്ക്കരണം – വിദ്യാർഥികൾക്കുള്ള പരിശീലന ക്യാമ്പ് – കനകമല (കണ്ണൂർ) നാരായണഗുരുകുലം. വിവരങ്ങൾക്ക്: കെ. ഗോവിന്ദൻ, 'വിശ്രാന്തി', പന്ന്യന്നൂർ തപാൽ, കണ്ണൂർ – 670 679 (ഫോൺ: 0490 – 311344).

## സംഘടനാ പ്രവർത്തകരോട്

അടുത്ത മാസത്തെ പരിപാടികളിൽപ്പെടുത്തി തങ്ങൾ നടത്തുന്ന പൊതുവായ പരിപാടികളുടെ വിവരം കേരളീയത്തിൽ പ്രസിദ്ധീകരിക്കുവാൻ താത്പര്യമുള്ള സംഘടനകളും വ്യക്തികളും പ്രവർത്തന പരിപാടികളുടെ വിവരവും നോട്ടീസും വിലാസവും (ഫോൺ നമ്പറടക്കം) എഴുതിയറിയിക്കുക. സാമൂഹ്യ വിഷയങ്ങളിൽ കൃഷി, പരിസ്ഥിതി, ആരോഗ്യം, കലാസാംസ്കാരികം, മനുഷ്യാവകാശം, സ്ത്രീ നീതി തുടങ്ങിയവയിൽ അനുയോജ്യമായവ പ്രസിദ്ധീകരിക്കും. വിലാസം: കേരളീയം, പി.ബി. നമ്പർ 100, തൃശൂർ 680 001.